**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

-------------------- ----------------------------------------------------

**പത്രക്കുറിപ്പ് 4 'ഭരണഭാഷ-മാതൃഭാഷ' 2019 ജൂൺ 06 വ്യാഴം**

-------------------- ----------------------------------------------------

# പരിഷ്കരിച്ച പദ്ധതികൾക്ക് അംഗീകാരം; ആസൂത്രണ സമിതിയോഗം 13,15 തിയതികളിൽ

ആലപ്പുഴ: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി സ്പിൽ ഓവർ ഉൾപ്പെടുത്തി പരിഷ്കരിച്ചതിന് അംഗീകാരം നൽകുന്നതിനായി ജില്ല ആസൂത്രണ സമിതിയുടെ യോഗങ്ങൾ ജൂൺ 13,15 തീയതികളിൽ ഉച്ചയ്ക്ക്ശേഷം 2.30ന് ജില്ല ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ ചേരും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജൂൺ 12 നകം ഓൺലൈനായി പരിഷ്കരിച്ച വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേതാണ്.

# ലഹരി വിരുദ്ധ വിദ്യാലയം കാംപെയിൻ സംഘടിപ്പിച്ചു

ആലപ്പുഴ:അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റേയും ആലപ്പുഴ എക്സൈസ് റേഞ്ചിന്റേയും ആഭിമുഖ്യത്തിൽ ''എന്റെ വിദ്യാലയം ലഹരി വിമുക്തം'' എന്ന ക്യാമ്പെയ്ന്റെ ഭാഗമായി പൊതുസമ്മേളനവും ലഹരി വിരുദ്ധ സന്ദേശവും ബോധവത്കരണ ക്ലാസ്സും സംഘടിപ്പിച്ചു. വിദ്യാർത്ഥികൾ ലഹരി വസ്തുക്കളുടെ പിടിയിൽ പെടാതെ കാക്കുന്നതിന് സംസ്ഥാനത്തെ ഹൈസ്കൂളുകളേയും ഹയർ സെക്കന്ററി സ്കൂളുകളേയും എക്സൈസ് വകുപ്പ് ദത്തെടുക്കുന്നതിന്റെ ഭാഗമായാണ് ക്യാംപെയ്ൻ സംഘടിപ്പിച്ചത്. സിവിൽ എക്സൈസ് ഓഫീസർ മുതൽ എക്സൈസ് കമ്മീഷണർ വരെയുള്ള അയ്യായിരത്തോളം ഉദ്യോഗസ്ഥർ ഓരോരുത്തരും ചുരുങ്ങിയത് ഒരു സ്കൂളെങ്കിലും ദത്തെടുക്കണമെന്ന എക്സൈസ് കമ്മീഷണറുടെ നിർദ്ദേശപ്രകാരമാണ് എക്സൈസ് വകുപ്പും ഗ്രാമ പഞ്ചായത്തും ചേർന്ന് ഈ ചടങ്ങ് സംഘടിപ്പിച്ചത്.

കാക്കാഴം ഗവ. ഹൈസ്കൂൾ നടന്ന സമ്മേളനം സിവിൽ സർവ്വീസ് റാങ്ക് ജേതാവ് നിർമ്മൽ ഔസേപ്പച്ചൻ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഫ്സത്ത്. എം. എ. അദ്ധ്യക്ഷത വഹിച്ചു. ആലപ്പുഴ എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടർ വി. റോബർട്ട് ലഹരി വിരുദ്ധ സന്ദേശം നൽകി. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. എം. ജുനൈദ് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ജില്ലാ പഞ്ചായത്ത് മെമ്പർ എ. ആർ. കണ്ണൻ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപോഴ്സൺ ഷീജ നൌഷാദ്, വാർഡ് മെമ്പർ ലേഖാമോൾ സനൽ, എക്സൈസ് ഇൻസ്പെക്ടർമാരായ വി. ജെ. റോയ്, ബി. റെജി, പി. റ്റി. എ. പ്രസിഡന്റ് പ്രിൻസ്. വി. കമ്പിയിൽ, ഹെഡ് മിസ്ട്രസ് സി. വിഷ്ണുകുമാരി, പ്രിൻസിപ്പാൾ അഞ്ചന. ജെ. തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു.

(ചിത്രമുണ്ട്)